


## DIGITAL MAGAZINE OF

# GHS NAGALASSERY

## IN ASSOCIATION WITH

# ആമുഖം

കൗമാരത്തിന്റെ അകക്കാഴ്ചകളിലേക്ക് സ്വാഗതം. ഇത് ഞങ്ങളുടെ ലോകമാണ്. ഇവിടെ ഹൃദയത്തിന്റെ ആഴങ്ങളിൽ ഉറവെടുത്ത ചിരിയും കണ്ണീരുമുണ്ട്. ഹൃദ്പാർശ്വങ്ങളെ തഴുകിപ്പോയ ചിന്തകളുണ്ട്. പ്രതീക്ഷകളുണ്ട്.കിനാക്കളുണ്ട്.അറിവും അനുഭൂതിയുമുണ്ട്. ഒരു പക്ഷെ, അപൂർണ്ണമായ ആശയങ്ങളും കണ്ടേക്കാം. നിസ്സാരമെന്ന് നിങ്ങൾ നിനച്ചാലും, ഇതു ഞങ്ങളുടെ, വിദ്യാർത്ഥികളുടെ ലോകം! പ്രിയ വായനക്കാരെ, ഇതു നിങ്ങൾക്കായി സമർപ്പിക്കുന്നു.

**ആശംസ**

ഈ വിദ്യാലയത്തിലെ 'ലിറ്റിൽ കൈറ്റ്സ്' തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ- അക്ഷരച്ചെപ്പ് - ന് എല്ലാ വിധ ആശംസകളും അർപ്പിക്കുന്നു.

സ്നേഹത്തോടെ

സുധ ടീച്ചർ

പ്രധാനാധ്യാപിക

## ഉള്ളടക്കം

ജി.എച്ച്.എസ്.നാഗലശ്ശേരി......6
വിദ്യാലയ ദിനം......8
സൗന്ദര്യമായി നീ അന്ത്യവും......12
ഭൂമിയെന്ന സ്വർഗം......13
കുറുമ്പി......14
ഹൃദയത്തിന്റെ അറകൾ നഷ്ടപ്പെട്ട ഞാൻ......15
അമ്മയാണ് ഭൂമി......16
ആസ്വാദനക്കുറിപ്പ്......17
എനിക്ക് വിശക്കുന്നില്ല......17
ഒറ്റപ്പെടൽ......18
ഏകാന്തതയുടെ തീരങ്ങളിൽ......19
കണ്ണീർ......21
കറന്റിനുമുണ്ട്......22
പറയാനൊരു കഥ......22
الحكم والامثال......23
ഒറ്റയ്ക്ക്......24
കൂട്ടിലെ കിളി......25
കൈകോർത്തിറങ്ങാം......26
തോരാത്ത കണ്ണീർ മഴ......27
الفطرة الخالصة......28
നൊമ്പരം......29
പ്രളയം......30
യാത്രാ വിവരണം......31
المحبة يغلب الكبر......32
ലഹരി ഒരു സാമൂഹികവിപത്ത്......34
വിലപ്പെട്ട നിമിഷങ്ങൾ......35
വിറപ്പിച്ച ഭീകരത വീണ്ടും......36
വേഴാമ്പലിന്റെ കാത്തിരിപ്പ്......37
कौन हो तुम......38

# ജി. എച്ച്. എസ്. നാഗലശ്ശേരി

പാലക്കാട് ജില്ലയുടെ പടിഞ്ഞാറൻ മേഖലയിൽ പട്ടാമ്പി ഗുരുവായൂർ റൂട്ടിൽ കൂട്ടുപാതക്കും കൂറ്റനാടിനും ഇടയ്ക്കുള്ള വാവന്നൂർ എന്ന ചെറുഗ്രാമത്തിലാണ് നാഗലശ്ശേരി ഗവ :ഹൈസ്ക്കൂൾ സ്ഥിതി ചെയ്യുന്നത് നാഗലശ്ശേരി പഞ്ചായത്തിലെ ഏക ഗവ : ഹൈസ്ക്കൂളാണ് ഇത്. കൃഷി അനുബന്ധ തൊഴിലുകൾ ചെറുകിട കച്ചവടം തുടങ്ങിയവയിലൂടെ ഉപജീവനം കണ്ടെത്തുന്ന സാധാരണക്കാരുടെ കുട്ടികളാണ് ഈ വിദ്യാലയത്തിലുള്ളത്.

അല്പം ചരിത്രം

സ്ക്കൂളിന്റെ ചരിത്രം ആരംഭിക്കുന്നത് 1925-ലാണ്. അതിനുമുമ്പ് ഈ പ്രദേശത്തുണ്ടായിരുന്നത് കുടിപ്പള്ളിക്കൂടങ്ങളാണ്.തൊഴുപ്പാട്ടുകളത്തിലെ കുടിപ്പള്ളിക്കൂടത്തെ മലബാർ ഡിസ്ട്രികറ്റ് ബോർഡ് ഏറ്റെടുത്ത് എലിമെന്ററി സ്ക്കൂളാക്കി ഉയർത്തുന്നത് 1925-ലാണ്. മഹാത്മഗാന്ധിയുടെ കേരള സന്ദർശനവും വിദ്യകൊണ്ടു പ്രബുദ്ധരാകാനുള്ള ശ്രീനാരായണ ഗുരുവിന്റെ ആഹ്വാനവും അതിനുള്ള സാമൂഹിക സാഹചര്യമൊരുക്കി.അങ്ങനെ ഒന്നുമുതൽ അഞ്ചുവരെ ക്ലാസ്സുകളുള്ള എലിമെന്ററി സ്ക്കൂൾ നാഗലശ്ശേരിയിൽ പ്രവർത്തനമാരംഭിച്ചു. അതോടുകൂടി പള്ളിക്കൂടത്തിൽ പ്രവേശനം നിഷേധിക്കപ്പെട്ടിരുന്ന മുസ്ലിം ഹരിജനവിഭാഗത്തിൽപ്പെട്ടവർക്ക് വിദ്യാഭ്യാസത്തിനുള്ള അവസരം വന്നുചേർന്നു.
ഈ നില 13 വർഷം തുടർന്നു. 1950 കളിൽ കേരളസമൂഹത്തിൽ വീശിയടിച്ച നവോത്ഥാനത്തിന്റെ കാറ്റ് വിദ്യാഭ്യാസ രംഗത്തും വലിയ മുന്നേറ്റമാണ് ഉണ്ടാക്കിയത് .ഈ വിദ്യാലയത്തിലും അത് പ്രതിഫലിച്ചു . 1957 ൽ ആറാം ക്ലാസ്സും 59 ൽ എട്ടാം ക്ലാസ്സും ആരംഭിച്ചു.പിന്നീട് ഏകീകരണം വന്നപ്പോൾ എട്ടാം ക്ലാസ്സു പേക്ഷിച്ച് ഏഴുവരെയായി നിലനിർത്തി. അന്നുമുതൽ ഈ വിദ്യാലയത്തിന്റെ പേര് നാഗലശ്ശേരി ഗവ:യു.പി.സ്ക്കൾ എന്നായി. നാട്ടുകാർ സ്സേഹത്തോടെ വാവന്നൂർ സ്ക്കൂൾ എന്ന് ഇതിനെ വിളിച്ചു.

അഞ്ചാറു കി.മീ.ദൂരത്തായി 4 ഹൈസ്ക്കൂളുകൾ-പെരിങ്ങോട് ,വട്ടേനാട് ,ചാത്തന്നൂർ, മേഴത്തൂർ- ഉണ്ടായിരുന്നതു കൊണ്ട് കുറെ വർഷത്തെ ദീർഘകാലയളവിനുശേഷം 2011-ൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ RMSA യിൽ ഉൾപ്പെടുത്തിക്കൊണ്ട് ഇതിനെ ഹൈസ്ക്കൂളാക്കി ഉയർത്തി. RMSA സ്ക്കൂളുക ൾക്ക് പൊതുവായുള്ള പരിമിതികളുടെ ബാഹുല്യത്തിൽ നിൽക്കുമ്പോഴും അതിനെ മുറിച്ചുകടക്കാനുള്ള നിതാന്ത പരിശ്രമത്തിലാണ് ഈ വിദ്യാലയം.

# വിദ്യാലയ ദിനം

*അമൃത :ഗുഡ് മോർണിംഗ് സുരേഷ്.*

*സുരേഷ് :ഗുഡ് മോർണിംഗ് അമൃത എന്തിനാ വന്നത് ?*

*അമൃത :ഒരു സന്തോഷ വാർത്ത പറയാനാ...!*

*സുരേഷ് :എനിക്കറിയാം.നാളെ പാഠശാല തുറക്കും ദിവസമാണെന്നു പറയാനല്ലെ ?*

*അമൃത :അതെ. അതുതന്നെ. ഏറിവന്നൊരു ആനന്ദത്തിന്റെ വാതിൽ തുറക്കും ദിവസം.*

*സുരേഷ് :ഇനിയും ഒരുപാട് സന്തോഷങ്ങൾ പൂവണിയുന്ന ദിവസമാണ് നാളെ. ഓണത്തിന് അച്ഛൻ വാങ്ങിച്ചു തന്ന പാവുമുണ്ടാണ് നാളെ ഞാൻ ഉടുക്കുന്നത്.*

*അമൃത :നാളെ അമ്മ മുടി ചീകി തന്ന് ഉമ്മ വയ്ക്കും*

*സുരേഷ് :പുസ്തകവുമായി നാം നാളെ തക്കമൊത്തിറങ്ങുന്നു*

*അമൃത :നാളെ പാടത്തിൻ വക്കത്തു കൂടി പാഠശാലയിലേക്ക് പോകുമ്പോൾ ഓണപ്പൂക്കളുമായി നമുക്ക് കൊഞ്ചാം.*

*സുരേഷ് :മാന്തളിരുണ്ട കുയിൽ പാട്ടുകൾ നമുക്ക് ഏറ്റുപാടാം.*

*അമൃത : നാളെ നമ്മെ അച്ഛനെ പോലെ ഓമനിക്കുന്ന ഗുരുനാഥനെ കാണാൻ കഴിയും.*

*സുരേഷ് :നമുക്ക് ഭൂമിയിൽ ലഭിക്കുന്ന സ്വർഗ്ഗമാണ് വിദ്യാലയം.*

*അമൃത :അതെ നീ പറഞ്ഞത് ശരിയാണ്.നല്ല ഒരു ഭാവിയുടെ കലവറയാണ് വിദ്യാലയം*

*അസ്ന ഷെറിൻ.T*
*6A*

# തീരാനൊമ്പരം

മകന്റെ ശവസംസ്കാരത്തിനു ശേഷമാണ് അയാൾക്ക് ആ കത്ത് വായിക്കാൻ തോന്നിയത്.എരിയുന്ന ചിതയിലേക്ക് നോക്കി അയാൾ ഓർമ്മയുടെ കയങ്ങളിൽ മുങ്ങി.

അയാൾ ഒരു ഹെഡ് കോൺസ്റ്റബിളായിരുന്നു.രസകരമായ കാര്യം അയാൾക്ക് ഏറ്റവും ഇഷ്ടമില്ലാത്ത രണ്ട് ജോലികളായിരുന്നു പോലിസും പട്ടാളവും. പക്ഷെ അയാളുടെ മകന് ഒരു പട്ടാളക്കാരനാവാനാണ് ആഗ്രഹമുണ്ടായിരുന്നത്.അവൻ പഠിച്ചതും കളിച്ചതും ഒക്കെ പട്ടാക്കാരനാവായിരുന്നു. ഈ ആഗ്രഹമറിഞ്ഞ അച്ഛൻ ഏക മകനെ കർശനമായി ശാസിച്ചു.എന്നിട്ടും ആ ആഗ്രഹം കൈവിടാത്ത അവനെ പോലിസ് മുറിയിൽ തന്നെ ശിക്ഷിച്ചു.ആ വേദനയിൽ അവൻ നാടുവിട്ടു. അവന്റെ ഇരുപതാം വയസ്സ് തികയുന്ന ദിവസം,ഒരു പട്ടാളപെട്ടി ആ വീടിന്റെ മുൻപിൽ വന്നു. അത് അവനായിരുന്നു.അവനെ സ്വീകരിച്ചത് അച്ഛന്റെ പുച്ഛം കലർന്ന നോട്ടവും സംസാരങ്ങളുമായിരുന്നു.ചില അകന്ന ബന്ധുക്കളും മറ്റും ചേർന്ന് അവന്റെ കല്യാണം നടത്തി.ആ കല്യാണത്തിൽ നിന്ന് അച്ഛൻ മാറിനിന്നു.

ഒരു പേരക്കുട്ടി പിറന്നപ്പോഴാണ് അയാളുടെ മുഖം തെളിഞ്ഞത് അയാൾ അവനെ ഓമനിച്ച് വളർത്തി. പക്ഷെ തന്റെ പുത്രനും തന്റെ മകന്റെ വഴി തിരഞ്ഞെടുക്കുമോ എന്ന് അയാൾ ഭയന്നു. ഒരു ദിവസം അവൻ തന്റെ കൂട്ടുകാരോടൊപ്പം കളിക്കുകയായിരുന്നു. പട്ടാളക്കാരനേപ്പോലെ ഇഴഞ്ഞു നീങ്ങിയും നിരങ്ങിയും വെടിവെച്ചും ഒക്കെയാണ് കളി.പെട്ടന്ന് മുത്തച്ഛൻ വന്ന് അവന്റെ കളിത്തോക്കെടുത്ത് വെലിച്ചെറിഞ്ഞ് കൊണ്ട് പറഞ്ഞു.

നിന്റെ.......തന്തേപോലെ......അതിർത്തീല്.....കുന്തോം പിടിച്ചിരുന്നാലേ...ഗുണം പിടിക്കത്തില്ല...പഠിച്ച് വല്ല...നല്ല...ജോലിം...

വാക്യം അപൂർണ്ണമാക്കി അയാൾ നിർത്തി.

അയാൾ ആകെ തളർന്നു.

രണ്ടാഴ്ച്ചയ്ക്ക് ശേഷമാണ് ആ കത്ത് വന്നത്. സാധാരണ കത്ത് വന്നാൽ മരുമകൾ അത് കൊണ്ട് ഉള്ളിലേക്ക് പോകും എന്നാൽ ഇപ്രാവശ്യം ഉള്ളിലേക്ക് പോയ അവൾ, ചുവന്ന കണ്ണുമായി തിരിച്ചു വന്നു. അവൾ മൊഴിഞ്ഞു......

അച്ഛാ...... ഏട്ടന്റെ എഴുത്താ.....അച്ഛനുള്ളതാ.......

കയ്യിലുണ്ടായിരുന്ന ചായ ഗ്ലാസ് നിലത്തെറിഞ്ഞു കൊണ്ട് അയാൾ ചൊടിച്ചു.

കൊണ്ടുപോടീ.........അവന്റെ ഒരു കത്ത്.........കൊണ്ടുപോയി അടുപ്പിലിട്...തീ പൂട്ടാനെങ്കിലും പറ്റും........

മുത്തച്ഛാ......പേരക്കുട്ടിയുടെ ശബ്ദം അയാളെ ഓർമ്മയിൽ നിന്ന് ഉണർത്തി

മുത്തച്ഛാ.....അപ്പൂന്റെ അച്ഛൻ എവിടെ....?

ന്തിനാ അപ്പൂന്റമ്മ കരയണേ?....

അയാൾക്ക് എന്തോ പറയണമെന്ന് തോന്നി.പറ്റിയില്ല....ദാഹം.......കടുത്ത ദാഹം...!

# حماية *البيئة*

أعوذ بالله من الشيطان الرجيم.بسم الله الرحمن الرحيم (وأيةللهم الأرض الميتة أحييناها وأخرجنا منها حبا فمنه يأكلون )صدق الله العظيم.

ألحمدلله والصلات والسلام على رسول الله وعلى ءاله واصحبه أجمين.أما بعد.

أيها الأساتذة الكرام، وزملاءي الأعزاء....ألسلام عليكم ورحمةالله وبركاته.

آريد آن آلقي آمامكم بعض الكلمات عن حماية البيئة.

ماهي البيئة؟ وما أهمية محافظتها؟

آلبيئة هي كل ما حولنا.وهي موطن جميع الكاءنات.هذه الأرض، منها خلقنا الله واستخلفنا فيها أن نعمر فيها.واجب علينا الحفاظ ، على مافي الارض، وما في الكون جميعا،لمحافظة حياتنا،ولسعادةأطفالنا، ولجيل القادمة.قال رسول الله(صلعم)الناس شركاء في ثلاث.الماء والكلء والناروأي خلل ،في منظوم البيئة ،سيئثر على جميع الكائنات.

ماذا نرى الآن؟ وتكرر كوارث البيئة المتعددة.كثير من الكاءنات يواجهون إنقراضها، من وجه الآرض لا...هلكت منها.

كيف حدثت هذه؟هل هذا هلاك فاجع طبعي؟لا....بل الطماعون الجشعون، هم المسئولون لهذه. وإجراءاتهم الطاءشة المستمرة، تسبب لهذه المصيبات.

يواحه الناس عواقب الوخيمة الناتجة من التلوث.ومنها إحتباس الحراري والجفاف والفيضانات وإزالة الغابات وتغير المناخ وتلوث الهواء،والقلة،لآشياءالآصاصي حتى لماء الشرب وهواء الحي النقي.كما قال الله تعالى(ظهر الفساد في البر والبحر ،بما كسبت آيدي الناس).كيف نمكن لحماية البيئة ؟نمكها بآعمال التعاونية المسترة. وكالة حماية االبيئةEPA نرى منظمات كثيرا،في العالم.وفي الهند آيضا،التي تعمل للحفاظ على توازن البيئة. ومنها ومجلس رعاية الحيوانات الهند ومشروعة ولاية كبرلا الخضراء،AWBIومجلس مكافحةالتلوث المركزيCPCB ونحوها.

(UNO.)نحتفل يوم البيئةالعالمي ،في خامس يونيو،تحت رعاية آمم المتحدة

نحن الآولاد والعامة،نبدء من آنفسناومن بيتنا...كيف نستطيع بها؟

غاس ونحوها.ونجمعbioآولا،نقلل النفايات بانتفاع الآشياء إلى حد الآقصى.نستفيد النفايات للأسمدة و ونعطيها إلى وكالات لإعادة إستخدامها او لإتلافهاctroneeالنفايات بلاستكي وإلك.

واجب علينا الحرص على الزراعة،والتشجير لتنقيةالهواء،والماء،ومنع الإحتباس الحراري وتغربة التراب ونحوها.

آهداف مشروع ولاية كيرلا الخضراء .هي آهداف كلنا ومن شعبات إيمان المؤمن.

عندما نكون مستعدين للآعمال الخيرية ،تتحسن محيطنا وبيءتنا.

وءاخر دعوانا عن الحمدلله رب العالمين.آلسلام عليكم ورحمة الله وبركاته.

***تقدم صفوان ي ب***

# ഹൈടെക്ക് ആയ ജീവിതം

ബിസിനസ് തിരക്കിൽ പെട്ടുപോയ മാതപിതാക്കളുടെ ഒരേ ഒരു മകൾ. അനാധയെ പോലെ കഴിയുന്ന ജീവിതം. മകളെ നോക്കാന് നേരമില്ലാത്തതിനാൽ ഒരാളെ ഏർപ്പെടുത്തിയ മാതാപിതാക്കൾ വലിയ വീട്ടിൽ ഒറ്റപ്പെട്ട ജീവിതം നയിക്കുന്നു. അവർ രാത്രി ജോലി കഴിഞ്ഞാണ് വീട്ടിൽ വരുന്നത് . മുറിയുംജോലിയും പണവുമാണ് അവരുടെ ലോകം. അവർ അരുടെ ലക്ഷ്യത്തിൽ അടിയുറച്ചതിനാൽ ജന്മം നൽകിയ മകളെ നോക്കാൻ മറന്നു പോയി. നാലു ചുമരിൽ അവൾ ആ സുന്ധര ബാല്യം കഴിച്ചു ക്കൂട്ടി. നന്മ നിറഞ്ഞ സുഹൃത്തും കുടുംബക്കാരുമാണ് അവളുടെ ഏക സന്തോഷം. ഇരുട്ടിനെ വെള്ളിച്ചമാക്കിയും അച്ഛനായും അമ്മയായും അവളുടെ പ്രശ്നങ്ങൾ അവസാനം കണ്ടെത്തി. സൗഹ്യദമാണെല്ലാം എന്നവൾ മനസ്സിലുറപ്പിച്ചു. സൗഹ്യ ദത്തിനിടയിലും മാതാപിതാക്കളുടെ ജോലി തിരക്ക് സന്തോഷത്തിലുപരി അവൾക്ക് സങ്കടം വാരിക്കോരി നൽകി. ജോലിയിൽ മുഴുകിയ മാതാപിതാക്കൾ അവളോട് മോളെ നിനക്ക് സുഖമാണോ എന്ന ഒരു വാക്ക് ചോദിച്ചിട്ട് വർഷം രണ്ട് . ഒരു ജീവച്ഛവത്തെ പോലെ അവൾ ആ നാൽ ചുമരിൽ ഒതുങ്ങിക്കൂടി. അമ്മയുടെ സ്നേഹവും വാൽസല്യവും അവൾ എന്തെന്നറിഞ്ഞിട്ടില്ല. മാതാവിന്റെ മൂത്ത പിശുക്ക് കാരണം അവളുടെ പഠിപ്പ് മുട്ടിച്ചു.എപ്പോഴും ഒന്നാമനായി പഠിച്ച അവൾ ഏട്ടാം ക്ലാസ്സിൽ ജോലിയിൽ ഏർപ്പെട്ടു. അവസാനം അവളും ആ കടും കൈ ചെയ്യ്തു. അവളുടെ അന്ത്യ വാർത്ത അവളുടെ സുഹൃത്തുക്കൾ അവരെ കുറ്റപ്പെടുത്തി. നാട്ടുക്കാർ കല്ലെറിഞ്ഞു. അവസാനം ജോലി നഷ്ടമായി. തെറ്റ് കണ്ടറിഞ്ഞ അവര് പിന്നിട്ട് നല്ലൊരു ജീവിതം മുന്നോട്ട് നയിച്ചു. കാലങ്ങൾ നീണ്ട കാത്തിരിപ്പിനിടയിൽ അവർക്കെരു ആൺ കുഞ്ഞ് ജനിച്ചു.ആ കുഞ്ഞിലൂടെ അവർ സങ്കടം തുടച്ചു നീക്കി. ആദ്യ മകൾ അവനിലൂ ടെ ജീവിക്കുന്നതായി അവർ കണ്ടു. എന്തിനു പറയണം വിധി അവർക്കു മാപ്പ് നൽ ക്കിയില്ല. മകൻ നാട്ടിലെ ഏറ്റവും വലിയ ഉദ്യേഗസ്ഥനായി. സഹോദരിയുടെ മരണത്തിനു പകരം വീട്ടികൊണ്ട് അവൻ പോരാടി. വാർദ്ധക്ക്യക്കാലത്ത് അവരെ കഷ്ടപ്പെടുത്തി. വീട്ടുജോലികൾ ചെയ്യിപ്പിച്ചു. സഹികെട്ട് അവരെ വൃദ്ധസദനത്തിൽ കൊണ്ടാക്കി.അവർ മരണം വരെ അവിടെ കഴിഞ്ഞു. ചെയ്ത തെറ്റിന് മകളോട് മാപ്പു പറഞ്ഞ് അവരും അവളുടെ അടത്തേക്കു യാത്ര പോയി. ഇതാണോ ജീവിതം?ഈ ജീവിതം എന്തു സമ്മാനിച്ചു? ആഡംമ്പരത്തിൽ ഏർപ്പെടുമ്പോൾ ഓർക്കുക നമ്മൾ വെറും മണ്ണാണ്. അന്ത്യവും അവിടേക്കാണ് .

നിഷാന മോൾ
VIII B

# സൗന്ദര്യമായി നീ അന്ത്യവും

കാലത്തിൻ ചക്രവാളത്തിൽ

പതിഞ്ഞ ഓർമ്മതാളുകൾക്കും

ഇരുളടഞ്ഞ സൗന്ദര്യമാണ്

പകലിനെ നീക്കിയെത്തിയ

സൂര്യന്റെ ക്ഷണം ഏറ്റുവാങ്ങിയ

നിറയും കറുപ്പാണ്

മഴയ്ക്കു വരവേൽപ്പായെത്തുന്ന

കരിമുകിലെ നീയും

മരണത്തെ ഏറ്റുവാങ്ങുന്ന

നയനങ്ങളിൽ ഇരുളിൻ ഉറയാണ്

# ഭൂമിയെന്ന സ്വർഗം

*ഭൂമി,വിശാലതയുടെയും ഏകാന്തതയുടെ അത്ഭുതങ്ങളുടെയും സൗന്ദര്യത്തിന്റെയും കഴിവിന്റെയും ഭൂമി.പ്രകൃതി വാരിവിതറിയ സൗന്ദര്യം കൊണ്ടും പ്രകൃതിയുടെ ഏകാന്തതയും അത്ഭുതങ്ങൾ- കൊണ്ടും അനുഗ്രഹീതമായ ഭൂമി.ജീവിതം എന്ന പുഴയും വിധി എന്ന പുഴയിലെ വെള്ളത്തെ ദിശതെറ്റിക്കുന്ന തടഞ്ഞുനിർത്തുന്ന നിർത്തുന്ന മഹാശിലയും ഒരുപാടാണ്.ഇത്തരത്തിലുള്ള ജീവിതം എന്ന പുഴ വിധിയുടെ ഉഷ്ണമേറ്റ് ഇല്ലാതായിട്ടുണ്ട്.അതും ഈ ഭൂമിയിൽ തന്നെയാണ്.ഒരു പാട് രഹസ്യങ്ങളുടെ ചരിത്രമുള്ള ഇനിയും ഒളിഞ്ഞിരിക്കുന്ന രഹസ്യങ്ങളടങ്ങിയ ഭൂമി.ഈ വിശേഷണങ്ങളിലൂ-ടെയെല്ലാം ഉയർന്നു നിൽക്കുന്ന ഭൂമിയുടെ ഒറ്റവട്ടത്തിലുള്ള കാഴ്ചയിലെ വൈവിധ്യങ്ങൾ മാത്രമാണ് ഇതെല്ലാം. ഇതിലും ഉയരത്തിലാണ് ഭൂമി എന്ന രണ്ടക്ഷരത്തിലും ഒറ്റവാക്കിലും നിറഞ്ഞുനിൽക്കുന്നത്.*

*അമ്മ,അച്ഛൻ എന്നീ ബന്ധങ്ങളെ ഉയരം വെക്കുംതോറും വളരും തോറും തള്ളി പറഞ്ഞ് ശൂന്യതയിലേക്ക് വലിച്ചെറിയുന്നവരുടെ ഭൂമി, സഹോദര ബന്ധത്തിന്റെ പവിത്രതയെ കളങ്കപെടുത്തി സമ്പന്നതയ്ക്കും ലക്ഷ്യങ്ങൾക്കും വേണ്ടി രക്തത്തിന്റെ ചുവപ്പ് തീർക്കുന്ന ഭൂമി സ്ഥാനമാനങ്ങളും ദുരാഗ്രഹങ്ങളും ക്രൂരതയ്ക്കും വഴിതെളിക്കുന്നതും അതിന് സാക്ഷിയായും ഭൂമി. ലേഖനങ്ങളുടെ പേരിലും വാർത്തകളുടെ പേരിലും മനുഷ്യർ രക്തകറ വീഴ്ത്തുന്ന ഭൂമി,മതപരമായും രാഷ്ട്രീയപരമായും അമ്മപെങ്ങന്മാരുടെ കുരുന്നുകളുടെയും അലർച്ച, നിലവിളികൾ പ്രതിധ്വനിപ്പിച്ചും കൊണ്ടിരുന്നു. അഴിമതി ഈറ്റില്ലമായി ഉയരുന്ന ഭൂമി വിശപ്പിന്റെ യാഥാർത്ഥ്യം അരുളുന്ന ഭൂമി.തകർന്ന് കൊണ്ടിരിക്കുന്ന ഭൂമി.*

*ഭൂമിയിന്ന് നന്മയുടെയും തിന്മയുടേതുമാണ്.നമുക്ക് ഭൂമിയിലെ തിന്മകളെല്ലാം തുടച്ചു നീക്കി നന്മ എന്ന പദത്തിന്റെ പര്യയമാകുന്ന ഭൂമിയെ സൃഷ്ടിക്കാം അമ്മമാരുടെ നിലവിളികളില്ലത്ത കുരുന്നുകളുടെ ഭൂമി.ദാരിദ്ര്യത്തിന്റെ കണ്ണീരുവീഴാത്ത ഭൂമി ജാതിയും മതവുമില്ലത്ത എന്റെ ഭൂമി എന്ന വാക്കിൽ ഒത്തൊരുമിക്കുന്ന സ്നേഹബന്ധങ്ങൾ.മറക്കാത്ത അമ്മയുടെ മുലപ്പാലിൻ മാധുര്യം.തോൽവികൾ ഏറ്റുവാങ്ങാനുള്ള മനസ്സുകളുടെ ഭൂമി ഇരുട്ടിനെ പേടിക്കാത്ത പെൺകുട്ടികളുടെ സ്വപ്നങ്ങളൊരുക്കുന്നു ഭൂമി. ഭൂമിയ്ക്ക് സ്വർഗം എന്ന പേര് കൊടുക്കാം. ആനന്ദത്തിന്റെയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ദൃഢതയുള്ള ചരടുകൾ കെട്ടി ഭൂമിയെ സംരക്ഷിക്കാം.ഒഴുകുന്ന ജീവിതത്തിന് തടയ്യുന്ന മഹാശിലയായ വിധിയെ മാറ്റാൻ കഴിയുന്ന ഒരു സ്വർഗത്തെ വരവേൽക്കാം*

***അക്ഷരച്ചെപ്പ്***

# കുറുമ്പി...

ഇനിയൊരു ജന്മമുണ്ടെങ്കിൽ നീയന്നെന്റെ
ഇതമേറും കുഞ്ഞു പെണ്ണളാവണം ...
അന്ന് ഞാൻ കൈ നിറയെ കുപ്പിവള വാങ്ങിത്തരാം...
ഇത്തിരിപ്പോന്ന കുറുമ്പിക്ക് ഇത്തിരിപ്പോന്ന ഒരു നുള്ള് തരാം
കണ്ണെഴുതി കരി പടർത്തി കരയുവാൻ എന്റെ ആകാശങ്ങൾ തരാം
പൊട്ടുതൊടാൻ സ്വപ്നങ്ങൾ തരാം
നിന്റെ തെളി മുഖം നോക്കാൻ പൊട്ടാത്ത കണ്ണാടിയായി
ഞാനെന്റെ ഹൃദയം തരാം ..
ആരും വരാത്ത ഒരിടത്ത് ഈന്തോല മെടഞ്ഞ്
ഒരു വീടുകെട്ടാം നക്ഷത്രങ്ങൾ ഉതിർന്നു വീണ നാലുകെട്ടിൽ നീ വരുമോ...?
പഴയ കുഞ്ഞു പെണ്ണളാവാൻ .....?
എന്റെ പഴയ കുറുമ്പിയാവാൻ .....

സിന്ധു ഇ എം
*മലയാളം അദ്ധ്യാപിക*

# ഹൃദയത്തിന്റെ അറകൾ നഷ്ടപ്പെട്ട ഞാൻ

ഒരു മരച്ചുവട്ടിൽ ആയിരുന്നു അന്ന് രാത്രി ഞാൻ കിടന്നത്. എഴുന്നേറ്റപ്പോൾ ശക്തമായി പെയ്യുന്ന മഴ. ഞാൻ ഒരുപാട് ദു:ഖിതയായി.

"അമ്മയുടെയും അച്ഛന്റെയും അടുത്തായിരുന്നെങ്കിൽ എനിക്ക് ഈ അവസ്ഥ വരില്ലായിരുന്നു."

എന്ത് ചെയ്യും എന്നറിയാതെ ആ മഴയത്ത് ഞാൻ നിഷ്കളങ്കയായി നിന്നു. എന്റെ കയ്യിൽ പണം ഉണ്ടായിരുന്നു. അവിടെ അടുത്ത് ഒരു റെയിൽവേ സ്റ്റേഷൻ ഞാൻ കണ്ടു. ഞാൻ അവിടേക്ക് ഓടി. ചെന്നപ്പോൾ മനസ്സിലായത്,ശക്തമായ മഴ കാരണം ട്രൈനുകൾ ഓടുന്നില്ലെന്ന്. ഞാൻ നടന്നു. നടന്നു നടന്നു ഒടുവിൽ എന്റെ വീട് ഞാൻ കണ്ടെത്തി. വാതിൽ തുറന്നപ്പോൾ ഞാൻ കണ്ട കാഴ്ച വളരെ ദു:ഖമേറിയതായിരുന്നു.ഒരുപാട് കരഞ്ഞ് ഞാൻ പിന്നിലോട്ടോടി.

സൽന നസ്റിൻ വി

*VIII A*

# അമ്മയാണ് ഭൂമി

ജീവിതം തുടങ്ങുന്നു എൻ അമ്മയുടെ കൈകളിൽ നിന്ന്

ജീവിതം അവസാനിക്കുന്നു എൻ അമ്മയുടെ മടിയിൽ കിടന്ന്

എത്രയോ ഭാരം എൻ പാദങ്ങൾ അമർത്തിയരക്കുന്നു എൻ അമ്മയുടെ നെഞ്ചിൽ

കുത്തിയെടുക്കുന്നു ശുദ്ധജലം എൻ അമ്മയിൽ നിന്ന്

കൊടുക്കൂ ഒരു തുള്ളി മഴ വെള്ളം, കുടിക്കു എൻ അമ്മേ

വിടിന്റെ മുറ്റത്ത് എൻ അമ്മയെ അമർത്തിയരച്ച് കട്ടകൾ

നിരത്തി കൊല്ലുന്നു നിങ്ങൾ ഈ അമ്മയുടെ സ്നേഹം

അടുത്തതലമുറയ്ക്ക് നൽകാൻ ഈ അമ്മയെ ഒന്നു സംരക്ഷിച്ചു കൂടെ

*എല്ലാം സഹിക്കുന്ന ഭുമിയാണ് എൻ അമ്മ*

# ആസ്വാദനക്കുറിപ്പ്

*കുമാരനാശാൻ എഴുതിയ 'കുട്ടിയും തള്ളയും' എന്ന കവിത എനിക്ക് വളരെ ഇഷ്ടമായി. നമ്മുടെ കൂട്ടുകാരായ പൂമ്പാറ്റകളെയും പൂക്കളെയും ഇതിൽ വർണ്ണിച്ചിരിക്കുന്നു. ഈ കവിതയിൽ അമ്മയും കുഞ്ഞും എന്ന് കേട്ടപ്പോൾ എന്റെ മനസ്സിൽ സ്നേഹത്തിന്റെ കടൽ ഒഴുകുകയായിരുന്നു. സംഭാഷണ രൂപത്തിലാണ് ഈ കവിത എഴുതിരിക്കുന്നത്. ഈ ലോകത്ത് നമുക്കറിയുന്ന കാര്യങ്ങൾ വളരെ കുറവാണെന്നും, ഇനിയും ഒരുപാട് അറിയാനുണ്ടെന്നും കവി നമ്മെ ഓർമ്മപ്പെടുത്തുന്നു. ഇതിൽ എനിക്കിഷ്ടപ്പെട്ട വരി -*

*" ആകാത്തതിങ്ങനെയെണ്ണീ ചുമ്മാ മാഴ്കൊല്ലായെന്നോമലുണ്ണീ"*

*എന്നതാണ്. നമുക്ക് ചെയ്യാൻ കഴിയാത്തതിനെ കുറിച്ച് വിഷമിക്കേണ്ടതില്ലെന്ന് ഈ വരി നമ്മെ സമാധാനിപ്പിക്കുന്നു. ഈ കവിതയിലെ ആശയം മനസ്സിലാക്കാൻ എളുപ്പത്തിൽ കഴിഞ്ഞു. ഇതിലെ ഭാഷാ ശൈലി ഒട്ടും ബുദ്ധിമുട്ടുള്ളതല്ല.*

*ഫാത്തിമ അൽഫ കെ പി*

*4 B*

**എനിക്ക് വിശക്കുന്നില്ല...**

സമയം വൈകുന്നേരം ആറുമണിയോടടുത്തു. കാറ്റിൽ പാറിഉയർന്ന പൊടിയിലൂടെ ഒരു പറ്റം സ്കൂൾ വിദ്യാർത്ഥികൾ നടക്കുന്നു. പതിവുപോലെ തന്നെ രാമു ഉന്തുവണ്ടിയുമായി പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ഉന്തുവണ്ടിക്ക് ചുറ്റും പലഹാരങ്ങൾ വാങ്ങാൻ ആളുകൾ നിൽക്കുന്നു. പാത്രങ്ങൾ തുറക്കുമ്പോൾ കൊതിയൂറുന്ന മണ കാറ്റിൽ പാറുന്നു.

കുറച്ച് മാറി ഒരു കുട്ടി പലഹാരപാത്രങ്ങൾ നോക്കി നിൽക്കുന്നുണ്ട്. പലഹാരത്തിന്റെ അവസാന കഷ്ണം നുണഞ്ഞിറക്കുന്നതിനിടയിൽ ഉദ്യോഗസ്ഥൻ രാമുവിനോട് ചോദിച്ചു. “ആ ചെറുക്കൻ കുറേ നേരമായല്ലോ ഈ പലഹാരങ്ങളിൽ തന്നെ കണ്ണും നട്ട് നോക്കിനിൽക്കുവാൻ തുടങ്ങിയിട്ട്. രാമു ഒരിക്കൽ കൂടി അവനെ നോക്കിയിട്ട് പറഞ്ഞു, "കള്ള കൂട്ടങ്ങളാണ്, കണ്ണു തെറ്റിയാൽ കട്ടു കൊണ്ടു പോകാൻ തക്കം നോക്കി നിൽക്കുകയാണ്

ഉദ്യോഗസ്ഥൻ തന്റെ പോക്കറ്റിൽ കയ്യിട്ടു. പെട്ടെന്ന് എന്തോ ഓർമ്മ വന്നപോലെ പറഞ്ഞു "നെയ്യപ്പ നാലെണ്ണം ഇങ്ങ് പൊതിഞ്ഞെടുത്തേക്ക്, എന്റെ മോന് അത് എന്തിഷ്ടമാണെന്നോ?" ഒരിക്കൽ കൂടി തന്റെ ടൈ മുറുക്കി കൊണ്ട് ഉദ്യോഗസ്ഥൻ പണം എണ്ണാൻ തുടങ്ങി. എന്നാൽ തീർത്തും അപ്രതീക്ഷിതമായെന്ന പോലെ ഒരു നെയ്യപ്പം രാമുവിന്റെകയ്യിൽ നിന്നും മണ്ണിലേക്ക് വീണു. രാമു മറ്റൊരെണ്ണം പൊതിഞ്ഞ് നൽകുകയും ചെയ്തു.

സ്ട്രീറ്റ് ലൈറ്റുകൾ മിഴി തുറന്നു. രാമു ഉന്തുവണ്ടിയുമായി അതിനിടിയിലേക്ക് ചേക്കേറി. മറ്റാരും തന്നെ നോക്കുന്നില്ലെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം ആ ബാലൻ താഴെ വീണു കിടന്നിരുന്ന നെയ്യപ്പം കൈകളിലെടുത്തു. മണ്ണിൽ പുരണ്ട അത് അവൻ വൃത്തിയാക്കി. അടുത്തു തന്നെ കിടന്ന ഒരു പ്ലാസ്റ്റിക് കവർ എടുത്ത് അവൻ ആ അപ്പം അതിൽ പൊതിയാൻ ആരംഭിച്ചു. എന്നാൽ അതിനിടയിൽ അതിന്റെ ഗന്ധം അവനെ വല്ലാതെ ആകർഷിക്കുന്നുണ്ടായിരുന്നു. പല തവണ അവൻ അത് തിന്നാൻ ശ്രമിച്ചു. ഇടയ്ക്ക് ഒരു തവണ അവൻ തന്റെ ഒട്ടിയ വയർ തലോടി. ആ പൊതി തന്റെ ശരീരത്തോട് അവൻ ചേർത്ത് പിടിച്ചിരുന്നു. പിഞ്ഞിയതും കീറിയതും ഏറെ പഴക്കം ചെന്നതുമായ ബനിയനിലൂടെ ഹിമക്കാറ്റ് അവനെ അപ്പോഴും കുത്തിനോവിക്കുന്നുണ്ടായിരുന്നു. അവൻ നടത്തത്തിന്റെ വേഗത കൂട്ടി.

കുറേ ദൂരം ചെന്നപ്പോൾ അഴുക്ക് നിറഞ്ഞതും വൃത്തിഹീനവുമായ ഒരു തൊഴുത്തിന് സമാനമെന്ന് തോന്നിക്കുന്ന സ്ഥലത്ത് അവൻ ചെന്ന് നിന്നു. അവനെ അകലെ നിന്ന് കണ്ടപാടെ തന്നെ രണ്ട് പിഞ്ചു ബാലൻമാർ അവന്റെ അടുത്തേക്ക് ഓടി വന്നു. എന്തോ കണ്ട് പേടിച്ചിരിക്കുകയായിരുന്ന അവർക്ക് ഏട്ടനെ കണ്ടപ്പോൾ ആശ്വാസം തോന്നി. അത്ര നേരം കാത്തിരുന്നതിന്റെ മുഷിച്ചിലിനെ വിശപ്പ് മറി കടന്നിരുന്നതിനാൽ അവർ ആദ്യം ശ്രദ്ധിച്ചത് ആ കൈകളിൽ അടക്കിപ്പിടിച്ച പൊതി തന്നെ ആയിരുന്നു. അവൻ അത് തന്റെ സഹോദരങ്ങൾക്ക് നേരെ നീട്ടി. അവർ ആർത്തിയോടെ അത് പങ്കിട്ട് തിന്നുന്നതും നോക്കി അവൻ ഒരു അരികിലേക്ക് മാറിയിരുന്നു.

*അതിനിടയിൽ കാഴ്ചയിൽ സ്വൽപ്പം മൂത്തതെന്ന് തോന്നിക്കുന്ന കുട്ടി ചേട്ടനോട് ചോദിച്ചു. ‘ചേട്ടനെന്തോ കഴിക്കാത്തത, എന്തെങ്കിലും കഴിച്ചിട്ട് മൂന്ന് ദിവസമായില്ലേ?” അൽപ്പം ഇടറിയ ശബ്ദത്തോടെ അവൻ പറഞ്ഞു. ‘എനിക്ക് വിശക്കുന്നില്ല, നിങ്ങൾ കഴിച്ചോളൂ". ഒട്ടിയ വയറും തലോടി അവൻ പറഞ്ഞു. സ്നേഹം വിടർന്ന് നിന്ന രാത്രിയിൽ നക്ഷത്രങ്ങൾ പതിവിലേറെ പ്രകാശിച്ചു...*

***അക്ഷരച്ചെപ്പ്***

# ഒറ്റപ്പെടൽ

ജീവിതം തൻ ആഴം
അളന്നെടുക്കൂ
ദുഃഖത്തിൻ മൂല്യം അധികമായ്
മറിച്ച് സന്തോഷം അപൂർവ്വമാം
ഗൃഹത്തിൻ സന്തോഷം അമ്മയാ
വിദ്യാലയത്തിൻ സന്തോഷം ഗുരുവാ-
മെന്നും മനസ്സിൻ സന്തോഷം പുഞ്ചിരിയാ

സഫ്ന MP
*9A*

## ഏകാന്തതയുടെ തീരങ്ങളിൽ

ജീവിതത്തിൽ ഓരോ തെറ്റുകളും ചൂണ്ടിയത് എന്നിലേക്കായിരുന്നു.
ശാന്തിയുടെ തീരത്തേക്ക് അടുക്കും തോറും ആരും പിന്നിൽ നിന്ന് വിളിച്ചില്ല.
സന്തോഷത്തിന്റെ നാമ്പുകൾക്ക് എന്നോടെന്തോ എന്നും അകൽച്ചയാണ്...
കൂടെയുള്ളത് നിസ്സഹായതയുടെ കൈകൾ മാത്രം.
മനസിൽ ഒരുപാട് കാര്യങ്ങളുണ്ട് ചെയ്തു തീർക്കാൻ.
മാറണം ഇനിയെങ്കിലും...
ജീവന്റെ തുടിപ്പുകൾക്ക് വേണ്ടിയെങ്കിലും
പക്ഷെ കാലം അനുവദിക്കുന്നില്ല.
മനസിന്റെ വിങ്ങലുകൾ അടക്കണം.
നിസ്സഹായതയുടെ കൈകളിൽ നിന്ന് വേറിട്ടു നിൽക്കാൻ ശ്രമിക്കണം. സന്തോഷത്തിന്റെ നാമ്പകളെ നെഞ്ചോട് ചേർത്തു പിടിക്കാം.
ഇനിയെങ്ങോട്ട് എന്ന മനസ്സിന്റെ തീരാത്ത ചോദ്യത്തിന് അറുതി വരുത്തണം

# കണ്ണീർ

പ്രകൃതീ നിൻ വരദാനമാം പച്ചപ്പിൽ

അന്നു ഞങ്ങൾ മയങ്ങി നിന്നു

ഇന്ന് നീ നിന്റെ കണ്ണീരാൽ

ഞങ്ങളെ ഈ വഴിയിൽ നിർത്തി

ജീവിതത്തിൽ വഴിതാരയിൽ

നിൻ കണ്ണീർ തോരാതെ

നീ ഞങ്ങൾക്ക് കണ്ണീരേകി

ഇന്ന് ദൈവത്തിൻ നാട്

കണ്ണീരിന്റെ തകർച്ചയിൽ

നീ കാട്ടില്ലെ കരുണ..

# കറന്റിനുമുണ്ട്

## പറയാനൊരു കഥ

ഈ ലോകത്ത് ചെറുതും വലുതുമായ ഓരോ വസ്തുക്കൾക്കും ജീവനില്ലാത്തതായാൽ കൂടി അവർക്ക് നമ്മളോടല്ലങ്കിൽ ലോകത്തിനോട് എന്തെങ്കിലും ഒന്ന് പറയാനുണ്ടായിരിക്കും

ഞാൻ ജീവിക്കുന്നത് എനിക്കു വേണ്ടിയല്ല. നൂറ്റാണ്ടുകൾക്കുമുന്നേ എന്നെ കണ്ടുപിടിച്ചിരുന്നാൽ കൂടി രണ്ടാം നൂറ്റാണ്ടോടെ എനിക്ക് ആവശ്യക്കാർ വളരെ അധികം വർധിച്ചു.ജീവനെടുക്കാനും ജീവൻ കൊടുക്കാനും വരെ ഇന്ന് പലരും എന്നെ ഉപയോഗിക്കുന്നു. എന്നാൽ സമൂഹത്തിന്റെ പ്രാഥമിക കർമങ്ങൾക്കാണ് എന്നെ കൂടുതൽ ഉപയോഗിക്കുന്നത്. പണ്ട് എന്നെ കുറച്ച് പേർക്ക് മാത്രമേ ആവശ്യമുണ്ടായിരുന്നുള്ളു എന്നാൽ ഞാൻ ഇന്ന് ഓരോ വീട്ടിലേയും ,ഓരോ നാട്ടിലേയും,സമൂഹത്തിലേയും ഒഴിച്ചു കൂടാനാവാത്ത അംഗമാക്കി ജനത എന്നെ മാറ്റി.

ഷഹരിയ

10 B

# الحكم والامثال

انك لا تجنى من الشوك العنب

മുകളിൽ നിന്ന് നിനക്ക് പറിക്കാനാകില്ല

النية اساس العمل

ഉദ്ദേശ്യമാണ് പ്രവർത്തനങ്ങളുടെ അടിസ്ഥാനം

التجربة مستشارك الحكيم

അനുഭവമാണ് ഗുരു

الحذر اخوك الاكبر

ജാഗ്രതയാണ് ഉത്തമ സുഹൃത്ത്

من زرع حصد

വിതച്ചവൻ കൊയ്യും

الانسان باالتفكير والله باالتدبير

മനുഷ്യൻ കൊതിക്കുന്നു,ദൈവം വിധിക്കുന്നു

العلم قوة

വിദ്യാധനം സർവ്വധനാൽ പ്രധാനം

نصف العلم اخطر من جهل

അൽപ്പജ്ഞാനം അപകടം വരുത്തിവെക്കും

الكلام من فضة و لكن السكوت من ذهب

വചനം രജതമാണെങ്കിൽ മൗനം കനകമാണ്

القناعة كنز لا ينفذ

സംതൃപ്തിയാണ് അക്ഷയ നിധി

الصدق طمانينة و الكذب ريبة

സത്യം ശാന്തിയും കള്ളം സന്ദിഗ്ദ്ധവുമാണ്

العاقل تكفيه الاشارة

ബുദ്ധിമാന് സൂചന മതി

توزن المرا باقرانه

ഒരാൾ വിലയിരുത്തപ്പെടുന്നത് അയാളുടെ അയാളുടെ സുഹൃത്ത്വലയമാണ്

ما كل ما يلمع ذهبا

മിന്നുന്നതെല്ലാം പൊന്നല്ല

السلامة خير من الندامة

സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട

*FATHIMA HIBA IX-B*

## ഒറ്റയ്ക്ക്

ഒറ്റയ്ക്കിരിക്കുവാൻ ഇഷ്ടമല്ലെ നിക്കോർമ്മ വെച്ച നാളതു മുതൽ
ഒറ്റയാവാതിരിക്കാൻ കൂട്ടരുമൊത്തെൻ സ്വപ്നങ്ങളൊക്കെയും
കെട്ടഴിക്കാറുണ്ടെപ്പൊഴും
കെട്ടഴിച്ചെത്തുന്ന സ്വപ്നങ്ങളെന്നെ കൊട്ടും കുരവയുമായ്
തട്ടിയുണർത്താറുണ്ടെപ്പൊഴും
തട്ടിയും മുട്ടിയും പൊട്ടാതെ ഞാനെൻ ഇഷ്ട സ്വപ്നങ്ങളെ
തലോടാറുണ്ടെപ്പൊഴും !!
ഒറ്റയ്ക്കിരിക്ക ലൊരു
ശീലമായതിപ്പോൾ
കട്ടുകൊണ്ടു പോയതാരെൻ
സ്വപ്നങ്ങളൊക്കെയും
ഒറ്റയ്ക്കിരിക്കുമ്പോൾ പൊട്ടിയ പട്ടം പോൽ
നട്ടം തിരിയുന്നതെൻ
സ്വപ്നങ്ങളൊക്കെയും

ഒറ്റയ്ക്കിരിക്കുവാൻ
ശീലമാക്കണമെന്നെൻ
പൊട്ടിയ മാനസം
വീണ്ടുമുരയ്ക്കുന്നു !!

ഗീത എൻ
ഗണിതാദ്ധ്യാപിക

# കൂട്ടിലെ കിളി

**ഒരു** ദിവസം ഒരു കിളി ഇരതേടി പോവുകയായിരുന്നു. അവൾക്ക് വല്ലാതെ വിശക്കുന്നുണ്ടായിരുന്നു. പെട്ടെന്ന് അവൾ ഒരു വയൽ കണ്ടു. അവൾ അതിനു അടുത്തേക്കു പോയി. അവൾ നിന്ന സ്ഥലത്ത് കുഴിയുണ്ടായിരുന്നു. അവൾ ശ്രദ്ധിച്ചില്ല. അവൾ തിന്നാൻ തുടങ്ങുമ്പോൾ തന്നെ അവൾ ആ കുഴിയിൽ വീണു. അവളുടെ ചിറകിനു പരിക്കു പറ്റി. അവൾ തേങ്ങി കരഞ്ഞു. ആ കെണിയിൽ നിന്ന് രക്ഷപെടാൻ അവൾ വളരെ അധികം പരിശ്രമിച്ചു. എന്നാൽ അവളുടെ ചിറകിന് പരിക്കുണ്ടായിരുന്നതിനാൽ അവൾക്ക് പറക്കാൻ സാധിച്ചില്ല. അപ്പോൾ ആണ് അവൾ ഒരാൾ നടന്നു വരുന്ന ശബ്ദം കേട്ടത്. അവൾ ആകെ ഭയപ്പെട്ടു. അയാൾ അവളെ വീട്ടിലേക്കു കൊണ്ടു പോയി. അവളുടെ ചിറകിലെ മുറിവു കെട്ടി കൊടുത്തു. എന്നിട്ട് അവളെ കൂട്ടിലിട്ട് അടച്ചു. അവൾ തേങ്ങി കരഞ്ഞു കൊണ്ടു അയാളോടു ചോദിച്ചു. എന്നെ വിടൂ. എന്നെ ഈ കൂട്ടിൽ ഇട്ടാൽ നിങ്ങൾക്ക് എന്താണു ലഭിക്കുന്നത്. എനിക്ക് ഒന്നും ലഭിക്കില്ല എന്നാൽ നീ എന്റെ വീടിന്റെ അലങ്കാരമാണ്. എനിക്ക് ആഗ്രഹമുണ്ട് എന്റെ വീട് വൃത്തിയുള്ളതും സുന്ദരവും ആകണമെന്ന്. അതുകൊണ്ടാണ് നിന്നെ എന്റെ വീട്ടിലെ കൂട്ടിൽ ഇട്ടിരിക്കുന്നത്.വിരുന്നുകാർ വരുമ്പോൾ എന്റെ ഈ റൂം അവർ കാണം.അവർ നിന്നെ കാണും.അവർ നിന്നെ കുറിച്ചു ചോദിക്കും. ഞാൻ നിന്നെ കുറിച്ച് പറഞ്ഞു കൊടുക്കും.അയാൾ അട്ടഹസിച്ചു. ഹഹഹഹഹാ..........അയാൾ എത്രത്തോളം സന്തോഷപ്പെട്ടോ അവൾ അത്രത്തോളം സങ്കടപ്പെട്ടു. അങ്ങനെ അവൾ രാവും പകലും അറിയാതെ ജീവിതം മുന്നോട്ടു നയിച്ചു.

നിരഞ്ജന .പി

# കൈകോർത്തിറങ്ങാം

കൈകോർത്തിറങ്ങാം കൈകോർത്തിറങ്ങാം
പുനർ കേരളത്തിനായ്
ഒരു ജാതി ഒരു മതം എന്ന ചിന്തയായ്
കൈകോത്തിറങ്ങാം കൈകോർത്തിറങ്ങാം
നഷ്ടപ്പെട്ടതെല്ലാം തിരിച്ചു നേടുമെന്ന
ചിന്തയായാ കൈകോർത്തിറങ്ങാം
ദൈവത്തിൻ സ്വന്തം നാടായ കേരളത്തിൻ
പുനർ ജീവിതത്തിനായ് കൈകോർത്തിറങ്ങാം
ഒരുമിച്ചു നിന്നാൽ എന്തുനേടാമെന്ന
ചിന്തയായ് മുന്നോട്ടിറങ്ങൂ
കൈകോർത്തിറങ്ങാം കൈകോർത്തിറങ്ങാം
*പുനർ കേരളത്തിനായ്*

# തോരാത്ത കണ്ണീർ മഴ

ഇനിയും സഹിക്കുവാൻ എനിക്കു കഴിയില്ല
വിശന്നു കൊണ്ടെന്‍ കുടൽ പോലും കരിഞ്ഞു
ഒന്നു കരയാൻ പോലും എന്നിലൂർജ്ജമില്ല
മരിക്കാനെനിക്കൊട്ടുമാവുകില്ല
വിശപ്പു അടക്കി ഞാൻ ക്ലാസിൽ ഇരുന്നു
പ്യൂൺ ഇതുവരെയായും ബെല്ലടിച്ചില്ല
അൽപ സമയത്തിനകം പ്യൂൺ ക്ലാസിലെത്തി
ടീച്ചറോടെന്തോ പറഞ്ഞു കൊണ്ടടുത്ത ക്ലാസ്സിലേക്കോടി
ടീച്ചർ പറഞ്ഞു"ഇന്നും കഞ്ഞിയില്ല"
എല്ലാവരും വീട്ടിൽ പോയി ഭക്ഷണം കഴിച്ചു കൊള്ളൂ...
എന്റെ മനസ്സ് പൊട്ടക്കരഞ്ഞു
ഒന്ന മുഖഭാവത്തിൽ കരയാൻ പോലും എനിക്കായില്ല
എന്നു ഞാൻ കഴിക്കുന്ന തൊരിറ്റു വെള്ളം മാത്രം
ഇന്നും എനിക്ക് ലഭിക്കുന്നതും അതു തന്നെ
ഇനിയെങ്കിലും ഈ ജീവിതത്തിൽ നിന്നും
എനിക്കുമോചനം തരണെ ദൈവമേ......

അസ്ന ഷെറിൻ T
6 A

# الفطرة الخالصة

كان حامد ،يعمل في الخارج،منذ شبابه،لمعيشه اسرته .له ابواه ،وثلاث اخوات،وزوجة, وابن صغير.كانت عليه ،مسؤوليات كثيرة،لان ابويه تعبان.تعاونت الاسرة، في السراء والضراء.اجتهد حامد ،جهدا جهيدا، لزواج شقيييقاته الثلاث.نشء ,ابنه الصغير ياسر، مع ابويه وزوجته ,بعناية عالية.ماشعر الطفل باية مشقة او بغياب والده الحنون.

مضت الايام،و انتقل والداحامد ،الى جوارالله تعالى ،في شيخوختهما.صارابن حامد ، موظف في شركة مشهورة. حياةالدنيا، تعطي لنا السراء والضراء،حينا بعد حين.مرضت زوجته المحبة. عاد حامد الى بيته لعنايتها وعلاجها.

اضطرياسر للزواج، لعناية امه الحنون. اهتموا بها جيدا, بعلاج ممكن.بل ماتت.حزنوا حزنا شديدا

عزم حامد، ان يعود الى عمله في الخارج ،مرة اخرى، لان يقلل هذا الحزن. لكن لم يستطع ان يحصل على عمله السابقة بضغف صحته.

رجع الشيخ حامد، الى اسرته، وسربعيش، مع الاحفاد.يصاحب به احفاده في اوقاتهم الفارغة.

ولم يدم هذا الفرح الى مدة طويلة.ينقض صحته يوما بعد يوم.لم يستطع ان يخرج من بيته.

وفي هذه الايام انتقلت اسرة ياسر،الى البيت الجديد الذي هو ،بقرب البيت القديم. لم يءخذ ياسر ،اباه حامدا ،الى بيته الجديد. بل يعطي له الطعام، وقتا بعد وقت.

يتذوق الشيخ ، العاب الاحفاد، ناظرا من خلال النافذة.واسر الاحفاد،مصاحبتهم، بجدهم الحنون.لان ابويهم اخبرهم ، الا يضيعون اوقاتهم، بمصاحب جدهم.

صبر الشيخ على هذا الحال.وقضى اوقاته ،بذكر الله تعالى، ليطمءن قلبه المؤلم. وكان واثق، بان مع العسر يسرا.ودعا الله لذلك، مخلصا.

وفي احد الايام،كان الاطفال، يكتبون ويدرسون.رسم احدهم، بيتا جميلا.فرح به، ابوه ياسر.وهنء ابنه قاءلا،ستكون مهندسا ماهرا،ان شاء الله.و سءله، هذا بيت صغير، بغرفتان فقط.لم غرفة في الخارج؟ اجابه الابن . هذه الغرفة لي ولزوجتي،والاخرى لابناءي .الغرفة الخارجة، لك، في شيخوختك.

دهش ياسر بهذه الاجابة،وتحير. الى اي حد عميق،؟ تءثرت معاملاتي، مع والدي، في اذهان ابناءي وفطرتهم الخالصة. تءسف وخجل به. وعزم على الا يصدر منه شيء ،يسيء فطرة اطفاله ويشوه اخلاقهم الحسنة. اخذ والده حامدا الى بيته الجديد. وحسن معاملته معه ،ظاهرا وباطنا. صار جميع افراد الاسرة ،في حناء وسرور.

ما خلق الانسان ظالما او مذنب...

تقدمت رفى ك ب

# നൊമ്പരം

സ്ക്കൂളിൽ പോകേണ്ടെന്ന് ചൊല്ലിനാൽ ചിന്നു.
പുത്തനുടുപ്പിനായ് വാശിപ്പിടിച്ചു ചിന്നു.
പിന്നിതുടങ്ങിയ ഉടുപ്പുകൾ കാട്ടി കരഞ്ഞു ചിന്നു.
സങ്കട കണ്ണീരിലായി ഏച്ഛനുമിതാ ആശ്വസിപ്പിക്കുന്ന
വാക്കുകളാൽ വാഗ്ദാനം നൽകി.
പുത്തനുടുപ്പിനായ് കാത്തിരുന്നിതാ ചിന്നു
ചിന്തകളിൽ മുഴുകി.
പിറ്റേന്ന് നിശബ്ദമാം ലോകത്തേക്ക്
വെള്ളയുടുപ്പണിഞ്ഞ് ചിന്നു യാത്രയായ്...

ഫാത്തിമ ഹനീന.P.S
6A

# പ്രളയം

*സൂര്യരശ്മികൾ വിണ്ണിൽ പതിച്ചു*
*സൂര്യന്റെ കണ്ണുകൾ മെല്ലെ വിടർന്നു*
*മെല്ലെ സൂര്യൻ തിരിഞ്ഞു*
*ദൈവത്തിൻ സ്വന്തം നാടെവിടെ*
*കേരളത്തെ കണ്ട സൂര്യൻ തൻ*
*കണ്ണുകൾ വേഗമിതാ അടയ്ക്കുന്നു*
*തൻ ദൗത്യം മറക്കാനാവാതെ*
*കൺ തുറന്നു വിലപിക്കുന്നു*
*അസ്തമയ സൂര്യൻ പഴിക്കുന്നു നാളെയെ*
*വീണ്ടും ഉദിക്കുന്നു സൂര്യൻ*
*കണ്ണീരുണങ്ങിയ കണ്ണുകളാൽ*
*ദർശനമേകി കേരളീയർ*
*ഓർത്തൊരു തൻ മാധുര്യം*
*ദർശനമേകി കേരളീയർ*
*അന്നേരം സൂര്യന്റെ ആനന്ദത്തിൽ*
*ആനന്ദഭാവം വിളങ്ങി നിന്നു.*

# യാത്രാ വിവരണം

ഞാനും എന്റെ വീട്ടുകാരും കൂടി വെള്ളച്ചാട്ടം കാണാൻ പോയി. വെള്ളച്ചാട്ടത്തിൽ എത്തിയപ്പോൾ വെള്ളം മുകളിൽ നിന്ന് കുത്തി ഒലിച്ചു. ഞങ്ങൾ വെള്ളച്ചാട്ടം എവിടെ നിന്നു വരുന്നു എന്നറിയാൻ മുകളിലേക്ക് നടന്നു പോയി. അത് കുറേ അകലെ ആയിരുന്നു. നടന്ന് നടന്ന് ക്ഷീണിച്ച് ഞങ്ങൾ അവിടത്തെ പാറക്കെട്ടിൽ കുറച്ചു നേരം വിശ്രമിച്ചു. നടന്നു പോകുന്ന വഴിയിൽ നല്ല ഒഴുക്കുണ്ടായിരുന്നു. എന്റെ കാല് തെന്നി ഞാൻ വിഴാൻ പോയി. അപ്പോൾ ബാബി എന്നെ പിടിച്ചു.ഞങ്ങൾ വളരെ ശ്രദ്ധയോടെ നടന്ന ു താഴെ പാറകൾ നിന്നിരുന്നു. ഞങ്ങൾ മുകളിൽ എത്തിയപ്പോൾ നടുവിലൂടെ വെള്ളം ഒഴു കുന്നു.മറുവശത്ത് അതി മനോഹരമായ പൂക്കളും ചെടികളും. അവിടെ നിന്നു നോക്കിയാൽ അതിമനോഹരമാണ്. മുകളിൽ നിന്നു കാണുമ്പോൾ പച്ചപായവിരിച്ചതുപോലുള്ള വീടുകൾ. ഉറുമ്പുകൾ നടന്നു പോകുന്നതു പോലെ ആളുകൾ. മുകളിലേക്ക് നോക്കുമ്പോൾ കൈ എത്തും ദൂരത്താണ് ആകാശം എന്നു തോനുന്നു. അവിടെ നല്ല കാറ്റാണ്. ആ പുല്ലിൽ ഒന്നു ഇരുന്നാൽ മെത്തയിൽ കിടക്കുന്നു എന്നു തോനിക്കും. അപ്പോൾ ഉറക്കം വരും. എന്റെ വീടിന്റെ അടുത്ത് ഇത്രയും നല്ല വെള്ളച്ചാട്ടം ഉള്ളത് ഞാൻ ഇതു വരെ അറിഞ്ഞില്ല. അതിമനോഹരമായ വെള്ളച്ചാട്ടം കണ്ണിൽ നിന്ന് മായുകയില്ല.

ഹിബ ഫാത്തിമ

# المحبة يغلب الكبر

تمثيلية فردية

(ذات مساء)

.آبن)ماما..ماما..أذهب  للعب

,ام لا يابني..لاتخرج..إغسل والعب

. بلعباتك الجديدة، في داخل البيت

..إبن  لا...آذهب، آصدقاءي...ينتظرونني

.ام)إن تكن محتوم بالخروج..إذهب من وراء البيت.جدتك ستغضب

.ابن) نعم يا ماما .سآرجع فورا

(بعد قليل)

جدة)مادوي.....مادوي....آين الطفل..؟

...ام)ذهب للعب  .سيرجع فورا

ج)لم آذنت له؟كم مرة طلبتك ألاتخرجينه للعب(غاضبة)مساوات الناس ..مدرستكم العامة .بل..آسرتنا....آسرة  عالية،

لنا...درجةعالية من سائر الناس....لم تنسينها؟ لم لا تحفظينها؟

ام ) ماما.. وفي هذه الآيام....كل الناس سواء. إبنك..آي زوجي ...كماتعرفين ...هو معلم في مدرسة العامة...قد ترك هذه الآفكار

.الشنيءة كلها.ولم يكن له آية مشقة لصحبة الناس ،بين الآديان والآجناس المتعددة

ج)ام,راما....الرجال...قد يكون لهم, آخلاق وعادات مختلفة, في خارج البيت.بل نحن النساء...علينا آن نحافظ, شرفية

..اسرتنا  وفضيلتها

ام )ما.ما، لا نستفيد ,هذه العصبية عند الخطر.أرأيت المناظر ,من التلفاز...في وقت الفيضانات.كيف كانت حياة الناس, في

.مخيمة الاعاثة ،مع المودة والآخوة

. ج) تلك الآفات, في السنة الماضية وبعيدا منا. مساوات الناس،لن نوافق

.ام)ماما...لاتتكلمي هكذا.لن نحتقرن احدا.عاداتنا الشنيءة الماضية...كانت قبيحا  جدا

(يرجع الطفل)

....إبن)ماما...ماما

.ام لا تجري هكذا يابني .ألماء يسيل في الطريق.ستسقط إن لم تنتبه

. ابن)ماما.سالم وأسرته..تنتقل, إلى بيت عمهم الآن ،مخافة, من المطر العزير.هذا رقم أبيه

.ام)هلو...لم تذهبون الآن؟(خاءفة).أيتدفق النهر؟ نعم ,أشاور, مع الآم وزوجي.سأتصلك بعدها

(بعد المشاورة)

.ج لا نريد مساعدتهم.أخبر الحال بإبني..سيصل فورا.عندنا سيارتنا.نذهب أيضا عند الحاجة

(وفي الساعة العاشرة- ليلا-باكية)

ج)مادوي...مادوي...كيف ننام هنا...يرتفع الماء لحظة بعد لحظة.نام الطفل.لم يصل إبني . وصل الماء في داخل البيت.سينفذ الضوء عندنا فورا.ماذا نفعل الآن؟

...ام )إن ذهبنا نهارا, مايكون علينا البكاء.نرى هناك نور .نصرح. أنقذنا من هذه الفتنة. أسرع إلينا. أنقذنا....خلصنا

(يقدم القرب )

...إركبوا...سرعة...سرعة(قا)

.. ج) مادوي, إركبي ,مع الطفل ....يا أبنائي, لاأستطيع ,أن أركب بنفسي

...قا)لاتحزني . يا ماما..سأخذك

ج)أأنتم أناس, أم ملائك...كيف نكافئكم؟يا أبناءي.إن لم تنقذنا ، لنموت

..ق)نحن أبنائك وجيرانك ياماما..هذا من واجبنا

(صباح يوم التالي)

.إبن)(فارحا )جدتي هؤلاء أصدقائي....نعيش هنا أياما كثيرة

ج)أخطأت يا أطفالي.. أخطات.تأخرت

أن أعرف عن الأخوة وألفة بيننا حتى نسكن في هذه المدرسة العامة.سنحمي ونحافظ الإنسانية والمودة في حياتنا ولأجيالنا القادمة

السلام عليكم ورحمةالله وبركاته

*تقدمت شبانة ك ب*

# ലഹരി ഒരു സാമൂഹികവിപത്ത്

മദ്യവും മയക്കുമരുന്നും സമൂഹത്തേയും രാഷ്ട്രത്തേയും കുടുംബത്തേയും ഇല്ലാതാക്കുന്നു. ആദ്യമാദ്യം ഒരു രസത്തിന് തുടങ്ങി പിന്നീടതിന് അടിമപ്പെട്ട് പോകുന്നു. ലഹരിയിൽ നിന്ന് രക്ഷപ്പെടുക എന്നത് പ്രയാസമാണ്. ലഹരി വസ്തുക്കൾ ഒരേ സമയമം നമ്മുടെ ശരീരത്തേയും മനസ്സിനേയും നശിപ്പിക്കുന്നു. ലഹരിക്കടിമപ്പെട്ടാൽ പിന്നെ നമ്മുടെ മനസ്സിനേയും ശരീരത്തേയും നിയന്ത്രിക്കുന്നത് ലഹരി ആയിരിക്കും. ലഹരി ഉപയോഗിക്കുന്നത് കാൻസറിനും മറ്റ് കരൾ രോഗങ്ങൾക്കും കാരണമാകുന്നു. ഇന്ന് കുട്ടികളിലും ലഹരിയുടെ ഉപയോഗം കൂടി വരുന്നു. നാടിന്റെ അഭിമാനമായി മാറേണ്ട യുവ തലമുറ എല്ലാവർക്കും ശല്ല്യമായി മാറുന്നു. കുട്ടികളെ പോലെ തന്നെ സ്ത്രീകളും മുതിർന്നവരും എന്ന് തുടങ്ങി സമൂഹമാകെ ലഹരിക്ക് അടിമപ്പെട്ട് പോകുന്നു. ലഹരിയിൽനിന്നും നമുക്ക് നമ്മുടെ സമൂഹത്തെ രക്ഷിച്ചേ മതിയാകൂ...

*അക്ഷരച്ചെപ്പ്*

# വിലപ്പെട്ട നിമിഷങ്ങൾ

ജീവന്റെ വില തൊട്ടറിഞ്ഞത് ഞാൻ ഇന്നാണ്. എന്റെ ജീവിതത്തിൽ ഇത്രയും നിസ്വാർത്ഥതയും ഭയാനകവും ആയ നിമിഷത്തിലൂടെ ഇന്ന് ഞാൻ ഇറങ്ങിച്ചെല്ലുന്നു. എന്റെ ജീവനേക്കാൾ മറ്റുള്ളവരുടെ ജീവനെ രക്ഷിക്കാനുള്ള സാഹചര്യങ്ങൾ ഈ ദുരന്തപെയ്തിന് കഴിഞ്ഞു. മഴയുടെ ഗർജനത്തിൽ ഇഴകിച്ചേർന്ന് മഴയോടുകൂടി നിലംപതിച്ചു കുന്നിൽ നഷ്ടപ്പെട്ടത് പതിനായിരത്തോളം ജീവനുകളാണ്. നിലംപതിച്ചു മണ്ണിന്റെ ഉള്ളിൽ നിന്ന് ഓരോ ജീവനുകൾ എടുക്കുമ്പോൾ ചങ്കിനുള്ളിൽ സൂചിക്കുത്തുന്നതുപോലെയുള്ള വേദന ഞാൻ സഹിച്ചിരുന്നു. താങ്ങാൻ കൈകളില്ലാത്ത ഉറ്റവരുടെ വേർപിരിയലിന്റെ നൊമ്പരത്തിൽ കഴിയുന്ന ഒരുപറ്റം മനുഷ്യരുടെ പ്രതീക്ഷയായിരുന്നു ഞാൻ അടക്കമുള്ള ആളുകളുടെ മനസ്സിൽ. ഒരു പറ്റം മനുഷ്യരുടെ പ്രതീക്ഷകളും സ്വപ്നങ്ങളും നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരുടെ പ്രതീക്ഷയായിരുന്നു ഞാൻ അടക്കമുള്ളവർ സേവന ഉദ്യോഗസ്ഥയായി.

# വിറപ്പിച്ച ഭീകരത വീണ്ടും

പേടിയാൽ അലയുന്ന നാളുകളാൽ
നാം ഉറങ്ങും കിടപ്പു മുറികളൊക്കെയും
നല്ലതാം അത് വ്യത്തിഹീനമാക്കാൻ
പൊട്ടിയിറങ്ങി അലങ്കോലമാക്കി

പിഞ്ചോമനകൾകൊക്കെയും ഭക്ഷണവും
പാനിയും ഇല്ലതതാ അവശരായി
കിടപ്പൂ അനേകം നാളുകൾ

ഒരു മുക്കിൽ ഒതുങ്ങിക്കൂടി ക്യമ്പുകൾ
അനേകം കവിഞ്ഞൊഴുകി
അമ്മയും കുഞ്ഞും വ്യദ്ധരാം
അവശരായൊരു ആളുകളും
ഒരു ലക്ഷം കവിഞ്ഞു

# വേഴാമ്പലിന്റെ കാത്തിരിപ്പ്

എം.എൻ.പാലൂരിന്റെ മികച്ച കവിതകളിൽ ഒന്നാണ് അനാവൃഷ്ടി. മഴയുടെ അഭാവം ജല ലഭ്യതയേയും സസ്യജാലങ്ങളുടെ നിലനിൽപ്പിനേയും കർഷകരുടെ മനസിനേയും എങ്ങനെ ആഘാതമേൽപ്പിക്കുന്നുവെന്ന് ഈ കവിതയിലൂടെ കവി വരച്ച് കാട്ടുന്നു.

അനാവൃഷ്ടിയിൽ കവി കാണുന്ന ചില കാര്യങ്ങളാണ് കവിതയിൽ സൂചിപ്പിച്ചിട്ടുള്ളത്. ഇടവം പോയതിന് ശേഷം കാല വർഷത്തിന്റെ വരവും പ്രതീക്ഷിച്ചിരിക്കുന്ന ഒരുപാട് ജീവനുകളെ ഈ കവിതയിൽ നമുക്ക് ദൃശ്യമാകും. തക്കം നോക്കി മട വിട്ടിറങ്ങുന്ന മൂർഖൻ, ചൂഷകരെ ഓർമിപ്പിക്കുന്നു. സാഹചര്യം മുതലെടുക്കുന്നരുടെ ക്രൂരത ധ്വനിക്കുകയാണ് കവി. മഴയുടെ അഭാവം പലരേയും അലസരാക്കുന്നു. വിത്തെടുത്ത് കുത്തി തിന്നുകൂട്ടുകയാണവർ. കൃഷിയിറക്കാൻ മനസ്സും വിത്തുവുള്ളവരാകട്ടെ,വേഴാമ്പലിനെപ്പോലെ ദാഹത്തോടെ മഴയെ കാത്തിരിക്കുന്നു.

കവിതയുടെ അന്ത്യത്തിൽ കവി പറയുന്നക് സ്വന്തം വിഷമമാണ്:

“ഇനിയും വാനിൽ കൊമ്പനാന
കളെത്തില്ലെന്നോ?
കവിതേ കോരിച്ചൊരി-
യേണ്ടതിന്നേരത്തല്ലോ!”

ആകാശത്തിലെ കാർമേഘങ്ങൾ വറ്റിയിരിക്കുന്നോ എന്ന ആത്മഗതത്തോടൊപ്പം കവിതകൾ പിറക്കേണ്ട ഈ നേരത്ത് അതിനുള്ള സാഹചര്യം നഷ്ടപ്പെട്ടതിൽ വിഷാദിക്കുന്ന കവി മനസ്സിനെ നമുക്ക് കാണാം. പ്രകൃതി മാത്രമല്ല, സർഗാത്മക ഹൃദയങ്ങളും വറ്റി വരണ്ടിരിക്കുന്നു. വരൾച്ച മനുഷ്യ ജീവിതത്തിൽ ഏൽപ്പിക്കുന്ന ആഘാതകളും നഷ്ടങ്ങളുമാണ് ഈ കവിതയിൽ ചർച്ച ചെയ്യുന്നത്. ‘ജലം സംരക്ഷിക്കണം' എന്ന ആത്മ വിമർശനവും കവി അയവിറക്കുന്നു.

***അക്ഷരച്ചെപ്പ്***

# कौन हो तुम

कौन हो तुम? मुझे पता है

क्योंकि तुम डराया मुझे

क्योंकि तुम दर्द दिया मुझे

क्योंकि तुम अकेला छोड दिया मुझे

और तुम कौन हो मेरा??

सदा मेरी मदद करना चाहे

मुझ पर कृपा करना चाहे

मैं कौन हूँ तुम्हारा ??

मुझे पता है ......

ये सब क्यों चाहोगे तुम

तुमको बस इतना ही करना चाहिए था

लेकिन प्यार दिया मुझे

शक्ति दी मुझे

इस दुनिया में मैं हूँ, जो भी हो

मैं अकेला नहीं जानती हूँ

आज आप सब मेरे लिए हैं

यह मेरी जिंदगी है।

अनामिका पि पि

आठ बि

# Life is beautiful

I like my life. But my life is scared
every one has pleasure and sorrow.
but every one likes pleasure.
Today's life has a drought
But i like it. I will overcome that
my will power is my medicine.
My faith is my life.
so life is beautiful, life is beauLife is beautiful Life is beautifultiful...

# Mom

I believe in love at first sigh.

because i love my mom

Since i opened my eyes

you are my friend, my spirit

influence towards success.

You are my best and

will be best forever

mother is love, movement

body and nature.

without her i am alone.

She is my god and every thing to me.


# പ്രത്യാശ


മുറ്റത്തെ വെള്ളിലച്ചെടിയുടെ പെൺമയെ
നോക്കുകയാണെനവൻ
അന്തിമയങ്ങുന്ന നേരവും അരുണനെ
തേടുകയാണനവൻ
ചന്ദ്രന്റെ കുട്ടിനായെത്തിയ നിശയ്ക്കുമേൽ
ചുവന്ന വൈര്യത്തിൻ വെളിച്ചം
പതിയെു പോലെ.....
താൻ ദൃഷ്ടി നിശയ്ക്കുമേൽ
എറിയുന്നു ദൂരെ...
ആനനത്തിൽ നിരാശ നിഴൽ
വീഴത്തവെ...
നിശ്ചലനായങ്ങ് നിൽക്കുന്നുണ്ടെന്റെ
ബാല്യം...
താളം ചവിട്ടുമാർ കേൾക്കുന്നു-
ണ്ടൊരു ശബ്ദം....
ശേഭിച്ചു തളക്കെട്ടിയ നിശബ്ദതയെ
അന്നേരം കുട്ടി തൻ ആനനത്തിൽ
പുഞ്ചിരി പുഷ്പങ്ങൾ
ചാർത്തി നിന്നു...
ഇരുളിൻ മറയിൽ നിന്നും
മുറ്റത്തതായെത്തി
വാർധക്യം ചങ്ങല തീർത്ത സ്ത്രീരൂപം
ഓടിയണഞ്ഞ കുട്ടിയെ മാറോടടക്കി
അവനു ഉപ്പിൻ ചുംബനമേകി...
നോക്കുന്നുണ്ടവൻ വൃദ്ധ തൻ
നയനങ്ങളിൽ..... പ്രത്യശയോടെ
സാരിമടക്കിൽ നിന്നും എടുത്തൊരു പൊതി
സ്നേഹത്തിൻ സഹനത്തിൽ നനഞ്ഞ പൊതി
അവന്റെ കൈകളിലേക്ക് വെച്ചു
മെല്ലെ.........ല്ലെ......
വെളിച്ചമെത്താത്ത കുടിലിലേകങ്ങു
നടന്നു നീങ്ങുന്ന നേരം
അവന്റെ മുണ്ടിൽ നിന്നും
ഒത്തിരി പുഞ്ചിരി മുട്ടുകൾ
ചിതറി വീണു...
കുടിലിന്റെ കതകടഞ്ഞ നേരം
കേൾക്കുണ്ടൊരു താരാട്ടങ്ങ്
ദൂരെക്ക് ഒഴുകി.... മെല്ലെ...
നിശ നീളുവോളം ആ താരാട്ടിൻ
സംഗീതം തുടർന്ന്


*അനാമിക*


# *MOTHERHOOD*


We cannot under stand the tears of
mom
we don't know the pain of mom.
We never try to know hard word of
mom.
We don't know the love and care of
mom .
We don't know the hope of her
mind on her children.
We cannot under stand the greatest
mother.
We never try to know the abilities of her.
But.....
Mom always know our
tears, pain, hope, and abilities....
and she try to prove it always....



SAVE
EARTH
TO
THE
NEXT
GENARATION


Juhad ഷിഹാബ് IX A


Bonds
of Love









അക്ഷരച്ചെപ്പ്


Nirmaya K
8 B


كوارث البيئة


केरलवर्मवलियकोयित्तम्पुरान्
[केरलकालिदासः]


चाक्याकुत्त्

# अव्ययक्रीडा

| धातु | प्रत्यय | रूप |
|---|---|---|
| भू | क्त्वान्तम् | भूत्वा |
| | ल्यबन्तम् | अनुभूय |
| | तुमुन्नन्तम् | भवितुम् |
| पठ् | क्त्वान्तम् | पठित्वा |
| | ल्यबन्तम् | प्रपठ्य |
| | तुमुन्नन्तम् | पठितुम् |
| गम् | क्त्वान्तम् | गत्वा |
| | ल्यबन्तम् | आगत्य |
| | तुमुन्नन्तम् | गन्तुम् |
| ज्ञा | क्त्वान्तम् | ज्ञात्वा |
| | ल्यबन्तम् | विज्ञाय |
| | तुमुन्नन्तम् | ज्ञातुम् |
| स्था | क्त्वान्तम् | स्थित्वा |
| | ल्यबन्तम् | उत्थाय |
| | तुमुन्नन्तम् | स्थातुम् |

अर्चना - पि. 7-A

# സ്കൂൾ വാർത്ത

## പ്രവേശനോത്സവം




നാഗലശ്ശേരി ഗവ: ഹൈസ്കൂളിൽ വെച്ച് നടന്ന പ്രവേശനോൽസവം പിടിഎ പ്രസിഡന്റ് ഷംസുദ്ദീന്റെ അദ്ധ്യക്ഷതയിൽ പഞ്ചായത്ത് മെമ്പർ മണികണ്ഠൻ ഉദ്ഘാടനം നിർവഹിച്ചു. സ്കൂൾ അഭ്യുദയകാംക്ഷി ശ്രീധരേട്ടൻ കുരുന്നുകളുമായി സംവദിച്ചു.

## പരിസ്ഥിതി ദിനാചരണം



പരിസ്ഥിതി ദിനാചരണത്തോട് അനുബന്ധിച്ച് കുട്ടികൾക്കായി വൃക്ഷത്തൈ വിതരണം നടത്തി. എന്റെ മരം പദ്ധതിയുടെ ഭാഗമായി കുട്ടികൾ വീട്ടുവളപ്പിൽ തൈ നടുകയും അവയുടെ നിരീക്ഷണക്കുറിപ്പ് തയ്യാറാക്കാനും തുടങ്ങി. പരിസ്ഥിതി ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്കൂൾ പരിസരത്തുള്ള സസ്യലതാദികളുടെ ശാസ്ത്രീയ നാമം കണ്ടെത്തുകയും പേരുകളെഴുതി ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തു.

## ഡോക്ടേഴ്സ് ദിനം




ഡോക്ടേഴ്സ് ദിനവുമായി ബന്ധപ്പെട്ട് ചാലിശ്ശേരി ഹെൽത്ത് സെന്ററിലെ ഡോക്ടർ സുഷമ ഏഴ് മുതൽ പത്ത് വരെയുള്ള കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ് നടത്തി. കൗമാരക്കാരിലുണ്ടാകുന്ന ശാരീരികവും മാനസികവുമായ മാറ്റങ്ങളെക്കുറിച്ചും അവയുമായി പൊരുത്തപ്പെടുന്നതിനായി ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും ക്ലാസെടുത്തു.കുട്ടികളെ ചൂഷണം ചെയ്യുന്ന പലവിധ ലഹരി മാഫിയകൾ ചുറ്റുമുണ്ടെന്നും ശ്രദ്ധിക്കണമെന്നും ഓർമിപ്പിച്ചു.

## ഊണൊരുക്കാം



കഴിഞ്ഞ വർഷം തുടങ്ങിയ "ഊണൊരുക്കാം" ജൈവ പച്ചക്കറി കൃഷി ഈ വർഷവും തുടർന്നു വരുന്നു. നൂറ്റി നാൽപ്പതോളം ഗ്രോബാഗുകളിൽ മണ്ണും വളവും നിറച്ച് തൈകൾ നട്ടു പിടിപ്പിച്ചു. കൃഷിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ കുട്ടികൾക്ക് നൽകുന്നത് പിടിഎ വൈസ് പ്രസിഡന്റും മികച്ച കർഷകനും കൂടിയായ ശ്രീ സുരേഷ്ബാബുവാണ്.

## വായനാദിനവും ക്ലബ്ബുകളുടെ ഉദ്ഘാടനവും




മുൻ മലയാളം അദ്ധ്യാപകനായിരുന്ന ശ്രീ ശിവശങ്കരൻ മാസ്റ്റർ വായനാദിനവും വിവിധ ക്ലബ്ബുകളും ഉദ്ഘാടനം ചെയ്തു. കുട്ടികളുമായി കുറച്ചധിക നേരം സംവദിച്ച അദ്ദേഹം, വായന കുട്ടികളിൽ ഒരു ദീനമാവട്ടെ എന്നാശംസിച്ചു.

## ലിറ്റിൽകൈറ്റ്സ് നാഗലശ്ശേരിയിലും




സ്കൂളുകളിലെ ഐടി കൂട്ടായ്മയായ **ലിറ്റിൽകൈറ്റ്സ്** നാഗലശ്ശേരിയിൽ പ്രവർത്തനം ആരംഭിച്ചു. പിടിഎ പ്രസിഡന്റ് ഷംസുദ്ദീന്റെ അദ്ധ്യക്ഷതയിൽ വാർഡ് മെമ്പർ മണികണ്ഠൻ ഉദ്ഘാടനം നിർവഹിച്ചു.മാസ്റ്റർട്രൈനർ ശ്രീ രാജീവ് മാസ്റ്റർ ക്ലബ്ബിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു. ആനിമേഷന്റെയും ഗെയിം നിർമ്മാണങ്ങളുടെയും ചെറിയ രീതിയിലുള്ള പരിശീലനവും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്നു.

## *അക്ഷരച്ചെപ്പ്*

# TEAM BEHIND

**SHAMEER M**

**SHIBNA SHERIN**

**SAFNA**

**ANASNOOR**

**ANASWARA**

**FATHIMA HIBA**

**JILSHADALI**

**MUHAMMED RAYYAN**